# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1224 11.06.2019 ൽ മറുപടിക്ക്**

**മണ്ണുത്തി-വടക്കഞ്ചേരി ദേശീയ പാത**

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മണ്ണുത്തി-വടക്കഞ്ചേരി ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തിയിൽ തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പാതയുടെ പ്രവൃത്തി എന്നുമുതലാണ് ആരംഭിച്ചത് എന്ന് വിശദമാക്കുമോ; | (ബി) | വടക്കഞ്ചേരി മണ്ണുത്തി പാതയുടെയും, അനുബന്ധപ്രവൃത്തികളായ ഫ്ലൈഓവർ, ടണൽ എന്നിവയുടെയും നിർമ്മാണ കരാർ BOT അടിസ്ഥാനത്തിൽ 24.08.2009 ലാണ് ഒപ്പ് വെച്ചത്. ഈ പ്രവൃത്തിയുടെ ആകെ നീളം 28.355 കി.മി ആണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം കരാർ പ്രകാരം 07.10.2010 ൽ തുടങ്ങി 06.04.2013 ൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. എങ്കിലും ചില സാങ്കേതിക കാരണങ്ങളാലും സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച പരിസരവാസികളുടെ എതിർപ്പുകൾ മൂലവും ഷെഡ്യൂൾ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2017 ഡിസംബറിൽ പ്രവൃത്തികൾ പൂർത്തിയാക്കും എന്ന തീരുമാനത്തോടെ 07.10.2014 ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും എന്നാൽ നാട്ടുകാരുടെ തുടരെയുള്ള എതിർപ്പുമൂലം ടണൽ വർക്കുകളും ഹൈവേ വർക്കുകളും നിർത്തി വെക്കേണ്ടതായി വന്നു. കരാർ കമ്പനിയും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളും, കരാർ കമ്പനിയുടെ |

സാമ്പത്തിക പ്രയാസങ്ങളും പ്രവൃത്തിയുടെ കാലതാമസത്തിനു കാരണമായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം കാര്യങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് അറിയിക്കുമോ? | (സി) | മണ്ണുത്തി വടക്കഞ്ചേരി ദേശീയപാത നിർമ്മാണ പ്രവൃത്തിയുടെ 83% പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 28.355 കി.മി ൽ 22.2 കി.മി മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കി പൂർത്തിയാക്കാനുള്ള വടക്കഞ്ചേരി ഫ്ലൈഓവറിന്റെ അപ്രോച്ച് റോഡും ടണലിന്റെ വർക്കും Major structure വർക്കും 2019 ഡിസംബറിൽ പൂർത്തിയാക്കാനുള്ള പ്രോഗ്രാം നിർമ്മാണ കമ്പനി സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്തു മന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ കലക്ടറേറ്റിൽ വെച്ച് നടന്ന അവലോകന യോഗത്തിൽ 2018 ജനുവരിയിൽ കുതിരാൻ ടണൽ പൂർത്തീകരിക്കുമെന്ന് കമ്പനി അധികൃതർ സമ്മതിച്ചിരുന്നു വെങ്കിലും, വാഗ്ദാനം ഇന്നുവരെ നിറവേറ്റാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ